**Athmaraksha.org**

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം-ജൂൺ

June 2



ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം: ജൂൺ 2

## ഈശോ തന്റെ തിരുഹൃദയ ഭക്തൻമാരോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ

ഈശോമിശിഹാ തന്റെ തിരുഹൃദയ ഭക്തന്മാർക്ക് അനേക നന്മകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈശോയെ കൂടാതെ നമുക്ക് ഒന്നുംതന്നെ ചെയ്യുവാൻ സാദ്ധ്യമല്ല എന്ന്! വ്യക്തമായി പറഞ്ഞിരിക്കുന്നതു കൊണ്ട് അവിടുത്തെ അനുഗ്രഹങ്ങൾ നമുക്ക് അത്യന്തം ആവശ്യമാണ്. തിരുഹൃദയനാഥന്റെ അനുഗ്രഹങ്ങൾ കൂടാതെയുള്ള ക്രൈസ്തവജീവിതത്തെപ്പറ്റി നമുക്കു ചിന്തിക്കുകകൂടി സാദ്ധ്യമല്ല. ഈശോ അവിടുത്തെ വാത്സല്യപുത്രിയായ വിശുദ്ധ മർഗ്ഗരീത്താ മേരിക്കു പ്രത്യക്ഷപ്പെട്ട് നൽകിയ പന്ത്രണ്ട് വാഗ്ദാനങ്ങൾ ഗാഢമായ ചിന്തയ്ക്കു വിധേയമാക്കുന്നത് വളരെ നല്ലതാണ്.

1. എന്റെ ദിവ്യഹൃദയ ഭക്തരുടെ ജീവിതാന്തസ്സിനു വേണ്ട എല്ലാ അനുഗ്രഹങ്ങളും ഞാൻ പ്രദാനം ചെയ്യും.
2. അവരുടെ കുടുംബങ്ങളിൽ ഞാൻ സമാധാനം നൽകും.
3. അവരുടെ സങ്കടങ്ങളിൽ ഞാൻ അവരെ ആശ്വസിപ്പിക്കും.
4. ജീവിതകാലത്തിലും പ്രത്യേകം അവരുടെ മരണ സമയത്തിലും ഞാൻ അവർക്കു ഉറപ്പുള്ള സങ്കേതമായിരിക്കും.
5. അവരുടെ എല്ലാ പ്രയത്നങ്ങളിലും ഞാൻ അനവധി ആശീർവ്വാദങ്ങൾ നൽകും.
6. പാപികൾ എന്റെ ഹൃദയത്തിൽ അനുഗ്രഹത്തിന്റെ വറ്റാത്ത ഉറവയും സമുദ്രവും കണ്ടെത്തും.
7. മന്ദതയുള്ള ആത്മാക്കൾ തീക്ഷ്ണതയുള്ളവരാകും.
8. തീക്ഷ്ണതയുള്ള ആത്മാക്കൾ അതിവേഗത്തിൽ പരിപൂർണ്ണതയുടെ പദവിയിൽ കയറും.
9. എന്റെ ദിവ്യഹൃദയസ്വരൂപം പരസ്യമായി പ്രതിഷ്ഠിച്ചു വണങ്ങുന്ന ഭവനങ്ങളിൽ എന്റെ ആശീർവ്വാദമുണ്ടാകും.
10. കഠിന പാപികളെ മനസ്സു തിരിക്കുന്നതിനുള്ള വരം വൈദികർക്ക് ഞാൻ നൽകും.

11. ഈ ഭക്തി പ്രചരിപ്പിക്കുന്നവരുടെ നാമം എന്റെ ഹൃദയത്തിൽ ഞാൻ എഴുതും. അതിൽനിന്നും അവരുടെ നാമം ഒരിക്കലും മായിക്കുകയില്ല.
12. ഒമ്പതു ആദ്യവെള്ളിയാഴ്ച തുടർച്ചയായി വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്ക് അവസാനം വരെയുള്ള നിലനിൽപ്പിന്റെ വരം ഞാൻ നൽകും. എന്റെ അനുഗ്രഹം കൂടാതെയോ, കൂദാശകൾ സ്വീകരിക്കാതെയോ അവൻ മരിക്കുകയില്ല. അവരുടെ മരണത്തിന്റെ അവസാനത്തെ മണിക്കൂറിൽ എന്റെ ദിവ്യഹൃദയം അവർക്കു നിശ്ചയമുള്ള സങ്കേതമാകുമെന്ന് എന്റെ സ്നേഹാധിക്യത്താൽ നിന്നോട് വാഗ്ദാനം ചെയ്യുന്നു.

ഈശോയുടെ ഈ അമൂല്യ വാഗ്ദാനങ്ങളെപ്പറ്റി ശ്രദ്ധാപൂർവ്വം ധ്യാനിക്കുന്നവരുടെ ഹൃദയങ്ങളിൽ സ്നേഹം കത്തിജ്ജ്വലിക്കാതിരിക്കുക അസാധ്യമാണ്. അതിനാൽ നമ്മുടെ സ്നേഹം മുഴുവനും ഇന്നുമുതൽ ഈശോയുടെ ദിവ്യഹൃദയത്തിൽ നിക്ഷേപിക്കാം. അപ്പോൾ ഈശോയുടെ ഈ വാഗ്ദാനങ്ങളുടെ ഫലം നമുക്കു ലഭിക്കുമെന്നുള്ളതിൽ സംശയമില്ല.

## ജപം

ഏറ്റം സ്നേഹയോഗ്യനായ എന്റെ ഈശോയെ, ഇതാ ഞാൻ അങ്ങേപ്പക്കൽ ഓടി വരുന്നു. അങ്ങേ ദിവ്യസന്നിധിയിൽ ഞാനിതാ സാഷ്ടാംഗം വണങ്ങുന്നു. അനുഗ്രഹമുള്ള എന്റെ ഈശോയെ! എന്റെ സംശയങ്ങളിലും ആത്മശരീര വ്യാധികളിലും ആശ്വാസവും സന്തോഷവും അങ്ങേ ദിവ്യഹൃദയത്തിലും വാഗ്ദാനങ്ങളിലും അന്വേഷിക്കാതെ സൃഷ്ടികളിൽ തേടിപ്പോയി. ഓ! മാധുര്യം നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ! അങ്ങ് എന്റെ ഹൃദയത്തിന്റെ മൂഢത്വത്തെ നോക്കുമ്പോൾ എത്രമാത്രം വേദന അങ്ങേ ഹൃദയം അനുഭവിക്കുന്നു. ഓ! എന്റെ ഹൃദയമേ! കഠിനഹൃദയമേ! സൃഷ്ടികളിൽ നിന്ന്! നിന്റെ താത്പര്യങ്ങളെ എല്ലാം നീക്കി നിന്റെ സ്രഷ്ടാവിന്റെ കൃപ നിറഞ്ഞ ഹൃദയത്തെ സ്നേഹിക്കുക. സകല നിക്ഷേപങ്ങളും അടങ്ങിയിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ! ഞാൻ നിന്നെ സ്നേഹിക്കുന്നു. ആരാധിക്കുന്നു. ലോകത്തിലുള്ള സകല നന്മകളെക്കാളും സ്വർഗ്ഗത്തിലുള്ള സകല ഭാഗ്യങ്ങളെക്കാളും അങ്ങേ ദിവ്യഹൃദയത്തെ ഞാൻ ഏറ്റവും അധികമായി സ്നേഹിക്കുന്നു. കർത്താവേ! അങ്ങയുടെ വാഗ്ദാനങ്ങൾക്കു എന്നെ യോഗ്യനാക്കണമേ.

## പ്രാർത്ഥന

കർത്താവേ, അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തരുളേണമേ. ഞങ്ങളുടെ പിതാവായ പരിശുദ്ധ പാപ്പായെ സംരക്ഷിക്കണമേ. എല്ലാവരും അങ്ങേ ഏക സത്യസഭയെ അറിഞ്ഞ് ഏക ഇടയന്റെ കീഴാകുന്നതിന് വേഗത്തിൽ ഇടവരുത്തണമേ! നിർഭാഗ്യ പാപികളുടെമേൽ കൃപയായിരിക്കേണമേ. അനുഗ്രഹത്തിന്റെ അമ്മയായ മറിയമേ, ദിവ്യഹൃദയത്തിൻ നാഥേ! ഞാൻ അപേക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ സകല വരങ്ങളും അങ്ങേ ശക്തമായ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് അങ്ങു വഴിയായി ലഭിക്കുമെന്ന് പൂർണ്ണമായി ഉറച്ചിരിക്കുന്നു. ആമ്മേൻ. (3 സ്വർഗ്ഗ. 3 നന്മ. 3 ത്രി.)
സാധുശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ! ഞങ്ങളുടെ ഹൃദയവും അങ്ങേ ഹൃദയം പോലെ ആക്കണമേ.

## ഈശോമിശിഹായുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമേ,
നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമേ,
കന്യാസ്ത്രീ മാതാവിന്റെ തിരുവുദരത്തിൽ പരിശുദ്ധാരൂപിയാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവവചനത്തോടു കാതലായ വിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ ഈശോയുടെ തിരുഹൃദയമേ,
നന്മയും, സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ ഈശോയുടെ തിരുഹൃദയമേ,
സകല! പുകഴ്ചയ്ക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാൻമാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമേ,
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

പ്രാർത്ഥിക്കാം
സർവശക്തനുമായ നിത്യനുമായ സർേവ്വശ്വരാ! അങ്ങേ എത്രയും പ്രിയമുള്ള പുത്രന്റെ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി അദ്ദേഹം അങ്ങേയ്ക്കു കാഴ്ച വെച്ച സ്തുതികളെയും പാപപരിഹാരങ്ങളെയും ഓർത്തു അങ്ങേ കൃപയെ യാചിക്കുന്നവർക്കു ദൈവമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ നിത്യമായി നിന്നോടുകൂടെ ജീവിച്ചു വാഴുന്ന അങ്ങേ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ കൃപയുള്ളവനായി പൊറുതി നൽകിയരുളണമേ. ആമ്മേൻ.

സുകൃതജപം
പാപികളുടെ നേരെ ഏറ്റം ദയയുള്ള ദിവ്യഹൃദയമേ, എന്റെ മേൽ ദയയായിരിക്കണമേ.

സൽക്രിയ
ഈശോയുടെ ദിവ്യഹൃദയത്തെ സകല വസ്തുക്കളെക്കാൾ സ്നേഹിക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുക.

+++